"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം- ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അനൂപ് യു പി യ്ക്ക് പ്രത്യേക ആകസ്മിക അവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.958/2026/LSGD തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:-
1. സ.ഉ(പി)നം334/2011/ധന, തീയതി 06.08.2011 .
2. ശ്രീ.അനൂപ് യു പി യുടെ 23.05.2025 ലെ ശൂന്യവേതനാവധിയപേക്ഷ.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.07.2025, 25.03.2026 എന്നീ തീയതികളിലെ LSGD/PD/20710/2025-DEF2 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അനൂപ് യു പി യ്ക്ക് പ്രത്യേക ആകസ്മിക അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അനൂപ് യു പി യ്ക്ക് വൃക്കയ്ക്ക് ക്യാൻസർ ബാധിച്ചതിനാൽ ശസ്ത്രക്രിയയിലൂടെ വൃക്ക നീക്കം ചെയ്തതിനെ തുടർന്നുള്ള ചികിത്സയ്ക്കും വിശ്രമത്തിനുമായി 90 ദിവത്തേക്ക് പ്രത്യേക ആകസ്മിക അവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവ് പ്രകാരം അവയവ മാറ്റ ശസ്ത്രക്രിയ ചെയ്തവർക്കുള്ള പ്രത്യേക ആകസ്മിക അവധി 45 ദിവസത്തിൽ നിന്ന് 90 ദിവസത്തേക്ക് അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും, ശ്രീ.അനൂപ് യു പി യ്ക്ക് അവയവം മാറ്റി വയ്ക്കുകയല്ല നീക്കം ചെയ്യുകയാണ് ചെയ്തിരിക്കുന്നത് എന്നതിനാൽ പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം അനുവദിക്കുവാൻ കഴിയുകയില്ല.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ക്യാൻസർ ബാധയെ തുടർന്ന്, ശസ്ത്രക്രിയയിലൂടെ ഒരു വൃക്ക നീക്കം ചെയ്ത ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അനൂപ് യു പി യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് കെ എസ് ആർ ഭാഗം 1, അനുബന്ധം VII, ചട്ടം 19 ലെ പൊതു വ്യവസ്ഥകൾക്ക് വിധേയമായി 30.04.2025 മുതൽ 90 ദിവസത്തേക്ക് പ്രത്യേക ആകസ്മികാവധി,അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.അനൂപ് യു പി, ഓഫീസ് അറ്റൻഡന്റ്, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ്(27.01.2026 ലെ ഡെവ 1/167/2025/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(168/ഇപിഎ2/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Danuja M S
Date: 05-05-2026 17:40:41